**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 54** **05-12-2022 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ വിവരങ്ങളും ആദ്യഘട്ട പൂർത്തീകരണവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിനും ഇന്റർനെറ്റ് സേവനം സംസ്ഥാനത്ത് സാർവത്രികമായി ലഭ്യമാക്കുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. പദ്ധതി വഴി സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി വഴി സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുന്നതിനും ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കുവീതം 140 മണ്ഡലങ്ങളിലുള്ള ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതി നുള്ള മാനദണ്ഡവും മുൻഗണനാക്രമവും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6360 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. 22802 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18094.63 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. 375 പോയിന്റ് ഓഫ് പ്രെസെൻസുകളിൽ 322 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മോണിറ്റൈസേഷൻ ഉൾപ്പെടെയുള്ള കെ-ഫോണിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച മാർഗനിർദേശങ്ങൾ സമർപ്പിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദേശങ്ങൾ ലഭ്യമായതിനു ശേഷം അത് പരിശോധിച്ച മാത്രമെ കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ, നിരക്ക്, പ്ലാൻ എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളു. |
| (ബി) | ഉപഭോക്താക്കൾക്ക് കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; ഇതിന് ഉപഭോക്താക്കൾ എന്തൊക്കെ കാര്യങ്ങൾ ചെയ്യേണ്ടതായി വരും; ഇതിൽ പ്രത്യേക പ്ലാൻ സ്കീമുകൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ശക്തവും കാര്യക്ഷമവും ആക്കുന്നതിനും ഇന്റർനെറ്റ് സേവനം സംസ്ഥാനത്ത് സാർവത്രികമായി ലഭ്യമാക്കുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെ-ഫോൺ. പദ്ധതി വഴി സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സംസ്ഥാനത്താകെ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി വഴി സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുന്നതിനും ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കുവീതം 140 മണ്ഡലങ്ങളിലുള്ള ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതി നുള്ള മാനദണ്ഡവും മുൻഗണനാക്രമവും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രകാരം ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6360 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. 22802 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18094.63 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. 375 പോയിന്റ് ഓഫ് പ്രെസെൻസുകളിൽ 322 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മോണിറ്റൈസേഷൻ ഉൾപ്പെടെയുള്ള കെ-ഫോണിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ സമർപ്പിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദേശങ്ങൾ ലഭ്യമായതിനു ശേഷം അത് പരിശോധിച്ച മാത്രമെ കെ-ഫോൺ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ, നിരക്ക്, പ്ലാൻ |

| | | | |
|---|---|---|---|
| | | | എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ